

# 4TH DR. A.P.J ABDULKALAM MEMMORIAL

## Dist. DRAWING, PAINTING & ARTS COMPETITION

Organized by : District Citizens Protection Council, Thrissur

T.C 38/1298, Poothole P.O., Thrissur - 680 004

**VENUE : THRISSUR TOWNHALL ON 28TH, 29TH JULY 2018**


| | | | |
|---|---|---|---|
| Francis Pulikottil<br>Chairman<br>Ph. 9846159688 | Ramachandran Perumbidi,<br>Joint Convenor<br>Ph : 7356863356 | Wilson Pandaravalappil<br>Treasurer<br>934994368 | Dr. E.V.Manoharan<br>General Secretary<br>9388831368 |


*Ref :* 47-DCPC/2018      *Date:* 20.07.2018

സർ/മേഡം,

വിഷയം : **4–ാമത് ഡോ. എ. പി. ജെ. അബ്ദുൾകലാം സ്മാരക ജില്ലാ ചിത്രരചന മത്സരം** – തൃശൂർ ടൗൺഹാളിൽ നടത്തുന്ന ജില്ലയിലെ വിദ്യാലയങ്ങളിലെ നഴ്സറി മുതൽ കോളേജ് തലം വരെയുള്ള വിദ്യാർത്ഥികളെ ചിത്രരചനാ കലാമത്സരങ്ങളിലും കഴിഞ്ഞ വർഷത്തെ ജില്ലാ/സംസ്ഥാന സ്കൂൾ കലോത്സവത്തിൽ എ ഗ്രേഡ് നേടിയ വിദ്യാർത്ഥികളുടെ ഇനങ്ങൾ ഹരിതം 2018ൽ കലാപ്രതിഭാസംഗമത്തിൽ പങ്കെടുപ്പിക്കുന്നതു സംബന്ധിച്ച്.

ഡിസ്ട്രിക്ട് സിറ്റിസൺ പ്രൊട്ടക്ഷൻ കൗൺസിൽ (ജില്ല പൗരസംരക്ഷണ സമിതി) **2018 ജൂലായ് 28 ശനിയാഴ്ച രാവിലെ 9.30** ന് **ഡോ. എ. പി. ജെ. അബ്ദുൾകലാമിന്റെ സ്മരണാർത്ഥം ജില്ലാ അടിസ്ഥാനത്തിൽ ചിത്രരചനാ മത്സരം / പെയിന്റിംഗ് കലാമത്സരങ്ങളും തൃശ്ശൂർ ടൗൺ ഹാളിൽ നടത്തുകയാണ്. ശ്രീ. ഫ്രാൻസീസ് പുലിക്കോട്ടിൽ, ചെയർമാൻ, ജില്ലാ പൗര സംരക്ഷണ സമിതി അദ്ധ്യക്ഷതയിൽ കൂടുന്ന യോഗത്തിൽ തൃശൂർ അസി. കലക്ടർ ശ്രീ എസ്. കൃഷ്ണ ഐ. എ. എസ് ഉദ്ഘാടനം നിർവ്വഹിക്കും. തദവസരത്തിൽ ശ്രീ. ഫ്രാൻസീസ് പുലിക്കോട്ടിൽ, ചെയർമാൻ, ജില്ലാ പൗരസംരക്ഷണ സമിതി, കേരള ലളിതകലാ അക്കാദമി സെക്രട്ടറി ശ്രീ. പൊന്ന്യം ചന്ദ്രൻ, ജില്ലാ വിദ്യാഭ്യാസ ഓഫീസർ ശ്രീ. കെ. കെ. മനോഹർ ജവഹർ, ദേവമാത സി എം ഐ പബ്ളിക്ക് സ്കൂൾ പ്രിൻസിപ്പാൾ റവ. ഫാ. ഷാജു എടമന തുടങ്ങിയവർ സംസാരിക്കും.** ഈ യോഗത്തിലേക്കും മത്സരത്തിൽ പങ്കെടുക്കുന്നതിനും എല്ലാ വിദ്യാർത്ഥികളേയും അദ്ധ്യാപകരേയും ക്ഷണിക്കുന്നു.

ചിത്രരചനാ മത്സരത്തിൽ നഴ്സറി, പ്രൈമറി, എൽ.പി., യുപി., ഹൈസ്ക്കൂൾ, ഹയർ സെക്കന്ററി, കോളേജ്, പാരാമെഡിക്കൽ ടെക്നിക്കൽ ഇൻസ്റ്റിറ്റ്യൂട്ട് എന്നിവയിലെ വിദ്യാർത്ഥികൾക്കു പങ്കെടുക്കാം. പെൻസിൽ ഡ്രോയിംഗും പെയിന്റിംഗിനും മത്സരങ്ങൾ ഉണ്ടാകും. ഓരോ മത്സരത്തിനും 20/- രജിസ്ട്രേഷൻ ഫീസ് ഈടാക്കുന്നതാണ്. വരയ്ക്കുവാനുള്ള പേപ്പർ വിതരണം ചെയ്യും. മറ്റു വരയ്ക്കുന്നതിനുള്ള സാമഗ്രികൾ വിദ്യാർത്ഥികൾ കൊണ്ടുവരേണ്ടതാണ്. വിജയികൾക്കു സർട്ടിഫിക്കറ്റും മൊമെന്റോയും നൽകുന്നതാണ്. മത്സരത്തിൽ ഏറ്റവും കൂടുതൽ വിദ്യാർത്ഥികളെ പങ്കെടുപ്പിക്കുന്ന സ്കൂളിന് ട്രോഫിയോ ഷീൽഡോ നൽകും. ഓരോ വിദ്യാലയത്തിൽ നിന്നും മത്സരത്തിൽ പങ്കെടുക്കുന്ന വിദ്യാർത്ഥികളുടെ ലിസ്റ്റ് വിദ്യാർത്ഥിയുടെ പേര്, വയസ്സ്, സ്കൂളിന്റെ പേര്, സ്കൂളിന്റെ ഇ-മെയിൽ അഡ്രസ്സ്, ഫോൺ നമ്പർ എന്നിവ സഹിതം 26.07.2018 നകം ihrd_manohar@yahoo.com എന്ന വിലാസത്തിലോ 938883138 എന്ന വാട്ട്സ്അപ്പ് നമ്പറിലോ അയക്കുകയോ ചെയ്യാവുന്നതാണ്. മത്സരത്തിൽ വിദ്യാർത്ഥികൾക്കു നേരിട്ടു പങ്കെടുക്കാവുന്നതാണ്. വിശദവിവരങ്ങൾക്ക് 9388831368 എന്ന നമ്പറിൽ ബന്ധപ്പെടേണ്ടതാണ്. **26.07.2018ന് രാവിലെ 9.30ന് ടൗൺ ഹാളിൽ** നടത്തുന്ന **ഹോമിയോപതി മരുന്നിലൂടെ കൃഷി** എങ്ങനെ ആദായകരമാക്കാം എന്ന ശില്പശാലയിൽ **വിദ്യാലയ കൃഷി** വിദ്യാർത്ഥികളെയും അദ്ധ്യാപകരെയും അയക്കുന്നതിന് താൽപര്യപ്പെടുന്നു.

ഉച്ചതിരിഞ്ഞ് 2 മണി മുതൽ തൃശ്ശൂർ ടൗൺ ഹാളിൽ നടത്തുന്ന മോണോ ആക്ട്, മിമിക്രി, കരോക്കെ ഗാനമേള, നാടൻ പാട്ട്, സിനിമാറ്റിക്ക് ഡാൻസ് എന്നീ മത്സരങ്ങളിൽ പങ്കെടുക്കുന്നവരുടെ ലിസ്റ്റും ഇതോടൊപ്പം അയക്കേണ്ടതാണ്. ജൂലായ് 29 ന് രാവിലെ 9:30 ന് നഴ്സറി മുതൽ നാലാം ക്ലാസ്സ് വരെയുള്ള വിദ്യാർത്ഥികളുടെ **ചിൽഡ്രൻ ഫെസ്റ്റിൽ** ഫാൻസി ഡ്രസ്സ്, കഥ പറച്ചിൽ എന്നീ മത്സരങ്ങൾ നടത്തുന്നതാണ്. ഈ മത്സരത്തിൽ പങ്കെടുക്കുന്നതിന് രക്ഷിതാക്കൾ വിദ്യാർഥികളെ കൊണ്ടുവരേണ്ടതാണ്. സ്കൂൾ/കോളേജ് ജില്ല/സംസ്ഥാന കലോത്സവത്തിലെ എ ഗ്രേഡ് നേടിയ ഇനങ്ങൾ അവതരിപ്പിക്കുന്നതിന് ജൂലായ് 29.07.2018 ഉച്ചയ്ക്ക് 2 മണിയ്ക്ക് **കലാപ്രതിഭാ സംഗമ**ത്തിൽ അവസരം നൽകുന്നതാണ്. ഇവരുടെ പേരും ഫോൺ നമ്പർ സഹിതം ഇതോടൊപ്പം അയക്കാവുന്നതാണ്.

മത്സരങ്ങൾ വിജയിപ്പിക്കുന്നതിന് വിദ്യാർത്ഥികളെ തൃശൂർ ടൗൺ ഹാളിൽ കൊണ്ടുവരുന്നതിന് ഡ്രോയിംഗ് അദ്ധ്യാപകനേയോ മറ്റു അദ്ധ്യാപകനേയോ ചുമതലപ്പെടുത്തുന്നതിന് താല്പര്യപ്പെടുന്നു. മത്സരത്തിൽ പങ്കെടുക്കാൻ വരുമ്പോൾ അദ്ധ്യാപകരോ വിദ്യാർത്ഥികളോ അതാതു സ്കൂളിൽ നിന്നും പങ്കെടുക്കുന്ന വിദ്യാർത്ഥികളുടെ ലിസ്റ്റും, രജിസ്ട്രേഷൻഫീസും കൊണ്ടുവരേണ്ടതാണ്.

വിശ്വസ്തതയോടെ,

ജനറൽ കൺവീനർ
**ഡോ.ഇ.വി.മനോഹരൻ**
9388831368

സ്വീകർത്താവ്

1. ഹെഡ്മാസ്റ്റർ/ഹെഡ്മിസ്ട്രസ്/പ്രിൻസിപ്പാൾ

.......................................................................................

തൃശ്ശൂർ